## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4608 — 18/05/2017-ൽ മറുപടിക്ക്

### മുതുവല്ലൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുതുവല്ലൂർ ആസ്ഥാനമായി പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (ബി) & (സി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ മുതുവല്ലൂർ ആസ്ഥാനമായി പുതിയ കെ.എസ്.ഇ. ബി.സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | കഴിഞ്ഞ സർക്കാർ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |
| (ഡി) | ഈ സർക്കാർ വന്നതിന് ശേഷം എവിടെയെങ്കിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഈ സർക്കാർ വന്നതിനു ശേഷം റാന്നി പെരിനാട്, വെണ്മണി, വള്ളികുന്നം, ഉടുമ്പഞ്ചോല, ആലക്കോട് തൊടുപുഴ, മഞ്ഞള്ളൂർ, കോറോം, സീതംഗോളി, ചെറുപുഴ, നെല്ലിക്കുഴി, എടത്തല, കുമ്പാറ, വാളയാർ എന്നീ സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ